11470

## വിവരാവകാശ നിയമ പ്രകാരം സമർപ്പിക്കുന്ന അപേക്ഷ

പൊതു വിവരാവകാശ ഓഫീസർ
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം.

സർ,

ചുവടെ പറയുന്ന ചോദ്യങ്ങൾക്ക് വിവരാവകാശ നിയമം 2005 പ്രകാരമുള്ള മറുപടി നൽകണമെന്ന് അപേക്ഷിക്കുന്നു.

1. കേരളാ സാമൂഹ്യ സുരക്ഷാ മിഷനിലെ പ്രോഗ്രാം കോർഡിനേറ്റർ നിയമനത്തിലെ അഴിമതി പുറത്തു കൊണ്ട് വരുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായുള്ള അപേക്ഷ താങ്കളുടെ കാര്യാലയത്തിൽ 12/2016 ൽ അയയ്ക്കുകയുണ്ടായി. ടി അപേക്ഷ താങ്കളുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ടോ?
2. ടി അപേക്ഷയിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?
3. എങ്കിൽ നടപടി സംബന്ധിച്ച വിശദാംശം നൽകുമോ?
4. നാളിതു വരെ നടപടി സ്വീകരിച്ചിട്ടില്ലായെങ്കിൽ ഇതിനായി ഏത് ഓഫീസറെയാണ് സമീപിക്കേണ്ടത്?

താങ്കളുടെ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു.

ജയകൃഷ്ണൻ
വിജയവിലാസം
വിതുര, തിരുവനന്തപുരം

ബഹു.മുഖ്യമന്ത്രി
കേരള സർക്കാർ

## കേരള സാമൂഹ്യസുരക്ഷാ മിഷനിൽ വൻ നി.യമന അഴിമതി

സാമൂഹ്യനീതിവകുപ്പിനു കീഴിൽ 2009 ൽ പ്രവർത്തനം ആരംഭിച്ച കേരള സാമൂഹ്യസുരക്ഷാ മിഷനിൽ അന്നത്തെ സാമുഹ്യ നീതി വകുപ്പ് മന്ത്രിയായിരുന്ന ശ്രീമതി റ്റീച്ചറുടെ ശുപാർശയോടു കൂടി പത്താം ക്ലാസ്സു തോറ്റ എൽ..ഡി.എഫ് അനുഭാവിയായ ഷാജിയെ പ്രോഗ്രാം കോർഡിനേറ്ററായി കരാറടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് നിയമിക്കുകയുണ്ടായി. ബിരുദാനന്തര ബിരുദമാണ് പ്രോഗ്രാം കോർഡിനേറ്റർ തസ്തികയുടെ യോഗ്യത. 2011 ൽ യീ.ഡി.എഫ് സർക്കാർ കാലത്ത്, കരാര് തീർന്ന ഷാജി ഹൈക്കോടതി സ്റ്റേ വാങ്ങി 5 വർഷം 32000 രൂപ വേതനത്തിൽ ജോലി ചെയ്യുകയും 2016 ഫെബ്രുവരിയിൽ 5 വർഷം പൂർത്തിയാക്കി പിരിച്ചുവിടുകയുമുണ്ടായി.

എന്നാൽ 2016 മെയിൽ ശൈലജ റ്റീച്ചർ വകുപ്പു മന്ത്രിയായപ്പോൾ, കേരള സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ്കമ്മിറ്റി തീരുമാനത്തെ (സാമുഹ്യനീതിവകുപ്പ് സെകട്ടറി,ശ്രീ.ഷാജഹാൻ, ഐ.എ.സ് - എക്സിക്യൂട്ടീവ്കമ്മിറ്റി ചെയർമാൻ) മറികടന്ന് ശ്രീ.ഷാജി, റ്റീച്ചറുടെ നോട്ടിന്റെയടിസ്ഥാനത്തിൽ അന്നത്തെ [illegible] ഡോ.അശോക് (രജിസ്ട്രർ,രാജീവ് ഗാന്ധി സെന്റർ) ഷാജിയെ ഈ തസ്തികയിൽ 32000 രൂപ വേതനത്തിൽ ഈ പത്താം ക്ലാസ്സു തോറ്റയാളെ കരാറടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി.

ജീവനക്കാര്യം ഫയലുകൾ, എക്സിക്യൂട്ടീവ്കമ്മിറ്റി / ഗവേണിംഗ് ബോഡി ഫയലുകൾ, ഓഫീസ് ഉത്തരവുകൾ ഇറക്കൽ, എല്ലാ പ്രധാനഫയലുകൾ എന്നിവ ഷാജി മുഖാന്തിരം മാത്രമേ റൂട്ട് ചെയ്യാവൂ എന്നും ഈ ഫയലുകൾ അഡ്മിനിസ്ട്രേറ്റീവ് കം അക്കൗണ്ട്സ് ഓഫീസറെ(സെക്രട്ടറിയേറ്റ് ഡെപ്യൂട്ടേഷൻ) കാണിക്കേണ്ട ആവശ്യമില്ലെന്നും പറയുന്ന ഓഫീസ് ഓർഡർ 19/08/2016 ലെ ഓഫീസ് ഉത്തരവിലുടെ ഡോ.അശോക് പിരിഞ്ഞുകോകുന്ന ദിവസം തന്നെ ഉത്തരവിട്ടു.പിന്നീട് നിയമിക്കപ്പെട്ട ഡോ.മുഹമ്മദ് അഷീൽ മന്ത്രിയുടെ അഭ്യർത്ഥന മാനിച്ച് ഈ ഉത്തരവ് ഭേദഗതി വരുത്തുന്നതിന് തയ്യാറാകുന്നതുമില്ല.

സർക്കാര് ഉത്തരവില്ലാതെ ടിയാളുടെ നിയമനം അംഗീകരിക്കാൻ സാധിക്കില്ലായെന്നും ശമ്പളം അനുവദിക്കാൻ സാധിക്കില്ലായെന്നും വാദിച്ച എ.ഒ (രാഗേഷ്- സെക്രട്ടറിയേറ്റ് അണ്ടർ സെക്രട്ടറി) യെ അസഭ്യം പറഞ്ഞ് കൈയേറ്റം

ചെയ്യുകയും സഹിക്കവയ്യാതെ എ.ഒ പൂജപ്പുര പോലീസിനെ വിളിക്കുകയും പരാതി നൽകുകയുമുണ്ടായി. എന്നാൽ മന്ത്രീയുടെ സമ്മർദ്ദം മൂലം പോലീസ് കേസ് പൂഴ്ത്തിവയ്ക്കുകയാണ് ചെയ്തത്.ഒക്ടോബർ മാസം മുതലുള്ള ശമ്പളം എ.ഒ ഇതുവരെയും അനുവദിച്ചിട്ടില്ല. ആയതിനാൽ, മറ്റു ജീവനക്കാരുടെ ശമ്പളവും 20 നു ശേഷമാണ് ലഭിക്കുന്നത്. ഇക്കാരണങ്ങൾ കൊണ്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 4 എ.ഒ മാരെ സ്ഥലം മാറ്റുകയുണ്ടായി.

11/12/2016 ൽ ബിരുദാനന്തരബിരുദം അടിസ്ഥാനയോഗ്യതയാക്കി നിലവിൽ ഒഴിവുള്ള പ്രോഗ്രാം കോർഡിനേറ്റർ തസ്തികയിൽ അപേക്ഷ ക്ഷണിക്കുകയുണ്ടയി. ഈ അപേക്ഷകരെ മണ്ടൻമാരാക്കി പത്താം ക്ലാസ്സു തോറ്റ ഗുസ്തിക്കാരനാണ് മിഷൻ ഭരിക്കുന്നത്. ഇതെല്ലാം കണ്ടുകൊണ്ട്, എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.മുഹമ്മദ് അഷീൽ പ്രതികരിക്കാനാകാതെ മന്ത്രിയെ അനുസരിക്കുന്നു. ഇതിനെതിരെ വിശദമായ അന്വേഷണം നടത്തി അഴിമതി നടത്തിയവരെ പുറത്താക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

ജയകൃഷ്ണൻ
[redacted]
വിതുര, തിരു[redacted]

പകർപ്പ്

1. ബഹു.മുഖ്യമന്ത്രി
കേരള സർക്കാർ

2സാമൂഹ്യനീതിവകുപ്പ് മന്ത്രി

3 സെക്രട്ടറി
സാമൂഹ്യനീതിവകുപ്പ്

4. ഡയറക്ടർ
സാമൂഹ്യനീതിവകുപ്പ്

5 .കമ്മീഷണർ
വിജിലൻസ്

6. പ്രതിപക്ഷ നേതാവ്
കേരള സർക്കാർ .

7.അദ്ധ്യക്ഷൻ
ഭരണ പരിഷ്കാര കമ്മിഷൻ